പ്രവർത്തിച്ചിരുന്നുവെന്നും, അല്ലെങ്കിൽ എത്രപേർ കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിൽ വേണ്ട ഉപദേശം കൊടുത്തിരുന്നുവെന്നും കാണാമായിരുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിന്റെ പേരിൽ അറസ്റ്റ് ചെയ്ത തടങ്കലിൽ വച്ചിരുന്നവരെ മദ്രാസ്, കല്ക്കട്ടാ മുതലായ ഹൈക്കോടതികൾ വിട്ടയച്ചിട്ടുള്ളതായി ഗവൺമെൻറിനറിയാമോ ?

ശ്രീ. സി. കേശവൻ : അറിയാം.

കമ്മ്യൂണിസ്റ്റ് പ്രവർത്തകർ

*ശ്രീ. കണ്ണാറ ഗോപാലപണിക്കർ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

കമ്മ്യൂണിസ്റ്റ് പ്രവർത്തകരിൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ കേസ്സെടുത്തു വിചാരണനടത്താതെ വെറും തടങ്കൽപ്പുള്ളികളായി ഇരിക്കുന്നവർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ട്. അവരുടെ പേർ അനുബന്ധമായി ചേർത്തിട്ടുണ്ട്. അതു മേശപ്പുറത്തുവച്ചിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : ഇത്രയും ആളുകളുടെ പേരിൽ കേസ്സെടുക്കാതെ തടങ്കലിൽവച്ചുകൊണ്ടിരിക്കുവാൻ നിയമമുണ്ടോ ?

ശ്രീ. സി. കേശവൻ : രാജ്യത്തിലെ സമാധാനപാലനത്തിനുവേണ്ടിയാണ് അവരെ തടങ്കലിൽ വച്ചിരിക്കുന്നത്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : കേന്ദ്രഗവൺമെൻറിൽനിന്ന് വല്ല നിർദ്ദേശവും കിട്ടിയിട്ടുള്ളതനുസരിച്ചാണോ അവരെ തടങ്കൽ പുള്ളികളായി വച്ചുകൊണ്ടിരിക്കുന്നത് ?

ശ്രീ. സി. കേശവൻ : അല്ല.

LIST PLACED ON THE TABLE IN ANSWER TO QUESTION 1152 (5)

Names of the communists now in detention

1.	R. Sugathan	11.	K. R. Gouri
2.	T. V. Thomas	12.	Sadanandan (Kattachakonam)
3.	V. A. Simon	13.	Balakrishnan Nayar
4.	P. G. Padmanabhan	14.	C. S. Ramakrishnan
5.	V. L. Thomas	15.	K. Dass
6.	C. P. Elango	16.	N. Sivan Pillai
7.	C. K. Velayudhan	17.	C. K. Kumaran
8.	V. K. Sreedharan (Kattachakonam)	18.	K. K. Kunjan
		19.	P. Fakeerkhan
9.	C. G. Sadasivan	20.	P. Bhaskaran Nayar
10.	K. T. Jacob	21.	Issac Stewart

ഗവൺമെണ്ടുവകതെങ്ങിൻതോപ്പ്.

*ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ ഗവൺമെണ്ടുവകയായി ഒരു തെങ്ങിൻതോപ്പുണ്ടോ;

(ബി) അതിപ്പോൾ ആരുടെ കൈവശമാണ്;

---

†The question was put by Sri M. I. Paul with the permission of the chair.

LIBRARY ARCHIVES Kerala Legislative Assembly